എമ്മാവൂസ്
# വചനദൂത്
ശ്ലീഹാക്കാലം ആറാം ഞായർ ലൂക്കാ 12:57 – 13:5
Vol:37 / Issue - 52 / 9 July 2017



# ഒരുങ്ങിയിരിക്കുക

ബ്ര. ജെറിൻ പുല്ലാട്ട്

നമ്മുടെ നാട്ടിൽ പലവിധ രോഗങ്ങൾ പടർന്നു പിടിക്കുന്ന സമയമാണല്ലോ ഇത്. ഈ രോഗങ്ങളെ പ്രതിരോധിക്കാൻ ആരോഗ്യകേന്ദ്രങ്ങൾ നമുക്ക് പലവിധത്തിലുള്ള മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. ഇവ വേണ്ടവിധം സ്വീകരിക്കുന്നവർക്ക് രോഗത്തിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കും. എന്നാൽ അവ അവഗണിക്കുന്നവരെ രോഗം പിടികൂടുക തന്നെ ചെയ്യും. അതുപോലെ റോഡിൽ ഇറങ്ങുമ്പോൾ നാം കാണുന്ന ചില മുന്നറിയിപ്പുകളാണല്ലോ, 'ശ്രദ്ധ മരിക്കുമ്പോൾ അപകടം ജനിക്കുന്നു' 'സ്വിച്ച് ഓഫ് മൊബൈൽ ആന്റ് സ്വിച്ച് ഓൺ സീറ്റ് ബെൽറ്റ്' തുടങ്ങിയവ. ഇവ പാലിക്കുന്നവർക്ക് അപകടത്തിൽ നിന്ന് രക്ഷ നേടാൻ സാധിക്കുന്നു.

ആദ്ധ്യാത്മീക ജീവിതത്തിൽ നാം സ്വീകരിക്കേണ്ട ചില മുന്നറിയിപ്പുകളാണ് ഇന്നത്തെ സുവിശേഷം അവതരിപ്പിക്കുന്നത്. വലിയ പാപികളെ മാത്രമാണ് അകാലമരണം വേട്ടയാടുന്നത് എന്നുള്ള യഹൂദ ചിന്തയെ ഈശോ ചോദ്യം ചെയ്യുന്നു. മരണം പാപികൾക്ക് മാത്രമല്ല അത് ആർക്കും അപ്രതീക്ഷിതമായി സംഭവിക്കാം. അതിനാൽ ഒരുക്കമുള്ളവരായിരിക്കണം എന്ന സന്ദേശമാണ് ഇന്നത്തെ വചനം നമുക്ക് നൽകുന്നത്.

പലരിലും ഉരുത്തിരിയുന്ന ഒരു മനോഭാവമാണ് നല്ല പ്രായത്തിൽ അടിച്ചുപൊളിച്ച് ജീവിക്കാം എന്നിട്ട് പിന്നെ സമയം കിട്ടുമ്പോൾ നന്നായേക്കാം എന്ന് പ്രായമാകുമ്പോൾ കുറച്ചു പ്രാർത്ഥനയും കൊന്തയുമൊക്കെ ചൊല്ലി വീട്ടിൽ ഇരുന്നാൽപ്പോരെ അല്ലാതെ ഈ തിരക്കുകൾക്കിടയിൽ എന്തിനാണ് പള്ളിയിൽ പോകുന്നതും പ്രാർത്ഥിക്കുന്നതും എന്ന് ചിന്തിക്കുന്നവരും ഇന്ന് വിരളമല്ല. ലോകത്തിന്റെ സുഖത്തിനും തിരക്കുകൾക്കുമിടയിൽ വിശ്വാസജീവിതവും കൗദാശിക ജീവിതവും വേണ്ടെന്ന് വച്ച് പാപത്തിൽ തുടരുന്നവർക്ക് ഈശോ നൽകുന്ന മുന്നറിയിപ്പാണ് ഇന്നത്തെ വചനം. "പശ്ചാത്തപിക്കുന്നില്ലെങ്കിൽ പ്രതീക്ഷിക്കാത്ത സമയത്ത് നാശം സംഭവിക്കും.

മരിക്കുമ്പോൾ ഒരുങ്ങി പശ്ചാത്തപിച്ച് കൂദാശയൊക്കെ സ്വീകരിച്ച് മാത്രമേ ഞാൻ മരിക്കൂ എന്ന് നമുക്ക് ആർക്കും ഉറപ്പില്ല. അതിനാൽ പാപബോധവും പശ്ചാത്താപവും നിറഞ്ഞ വിശുദ്ധ ജീവിതം നയിക്കുന്ന വ്യക്തികളായിട്ടു മാത്രമെ നമ്മുടെ ഓരോ ദിനവും കടന്നുപോവാൻ അനുവദിക്കാവൂ. വി. ഡൊമിനിക് സാവിയോയുടെ ജീവിതത്തിലെ ഒരു സംഭവം

നമുക്ക് പരിചിതമായിരിക്കുന്നു. ഒരിക്കൽ ഡൊമിനിക് സാവിയോ കളിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തോടു ചോദിച്ചു. "താങ്കൾ ഇപ്പോൾ മരിക്കാൻ പോവുകയാണ് എന്നറിഞ്ഞാൽ എന്ത് ചെയ്യും?" ഡൊമിനിക് പറഞ്ഞു; "ഞാൻ കളി തുടർന്നുകൊണ്ടിരിക്കും." വിശുദ്ധിയിൽ ജീവിച്ച ഡൊമിനിക്കിനെ സംബന്ധിച്ചിടത്തോളം മരണത്തിനു വേണ്ടി പ്രത്യേക ഒരുക്കം ആവശ്യമില്ലായിരുന്നു. വിശുദ്ധന്റെ ഈ ജീവിതശൈലി തന്നെയാണ് ഇന്നത്തെ വചനത്തിന്റെ സാരവും.

ബലിയർപ്പണത്തിനിടെ പിലാത്തോസിനാൽ വധിക്കപ്പെട്ട് യഹൂദരെക്കുറിച്ച് ഈശോയ്ക്ക് പറയുന്ന എന്റെ വ്യക്തികളെ വചനത്തിൽ കാണാം. ഇവരുടെ ലക്ഷ്യം ഈശോയെ കുടിക്കിലാക്കുക എന്നതുതന്നെയാണ്. കാരണം ഈശോ പിലാത്തോസിനെ അംഗീകരിക്കുമോ അതോ യഹൂദരുടെ പക്ഷം ചേരുമോ എന്നറിയാനുള്ള തന്ത്രം അവരുടെ ചോദ്യത്തിൽ ഒളിച്ചിരിപ്പുണ്ടായിരുന്നു. എന്നാൽ 'പാപിയ്ക്കുള്ള ശിക്ഷയാണ് മരണം' എന്ന യഹൂദ ചിന്തയെ ചോദ്യം ചെയ്യുകയാണ് ഈശോ ചെയ്യുന്നത്. 'പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും ഇതുപോലെ സംഭവിക്കാം' അതുകൊണ്ട് കേരളത്തിൽ സുരക്ഷിതരായി ജീവിക്കുന്ന നമുക്ക് പറയാൻ പറ്റില്ല. അറേബ്യൻ രാജ്യങ്ങളിൽ ഐ.എസ് ഭീകരരാൽ വധിക്കപ്പെടുന്നവർ നമ്മെക്കാൾ പാപികളാണെന്ന്. അല്ലെങ്കിൽ വാഹനാപകടത്തിൽപ്പെട്ട് മരിച്ചയാളെക്കുറിച്ച് നമുക്ക് പറയാനാവില്ല, അവന്റെ ജീവിതം മോശമായിരുന്നതുകൊണ്ടാണ് അവന് അബദ്ധം പറ്റിയത് എന്ന്. നമ്മുടെ ജീവിതങ്ങൾക്ക് ചുറ്റും ഉണ്ടാകുന്ന ഈ അനർത്ഥങ്ങളും ദുരിതങ്ങളും നാമോരോരുത്തർക്കും നൽകുന്നത് ഒരു മുന്നറിയിപ്പാണ്. പശ്ചാത്തപിക്കുന്നില്ലെങ്കിൽ നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന ദുരന്തങ്ങൾ നമ്മെ നിത്യനാശത്തിലേയ്ക്ക് നയിക്കും. എന്നാൽ പശ്ചാത്തപിച്ച വ്യക്തികൾക്ക് ജീവിതത്തിലെ ദുരന്തങ്ങൾ നിത്യരക്ഷ പ്രദാനം ചെയ്യും.

പശ്ചാത്താപം എന്നത് ഒരു മടങ്ങിവരവാണ്. പാപത്തിന്റെ ലോകത്തിൽ നിന്നും ദൈവത്തിന്റെ കാരുണ്യത്തിലേയ്ക്കുള്ള തിരിച്ചുവരവാണത്. ദൈവം നൽകുന്ന കൃപയാണത്. പത്രോശ്ലീഹാ ഈശോയെ തള്ളിപ്പറഞ്ഞ് കഠിന ഹൃദയനായെങ്കിലും ഈശോയുടെ ഒരു നോട്ടം അവനിൽ അനുതാപം ജനിപ്പിച്ചു. ഇതുപോലെ പാപത്തെക്കുറിച്ച് അനുതപിക്കാനും പാപത്തിൽ നിന്ന് ഓടിയകലാനുമുള്ള കൃപ നാം നേടണം. പ്രഭാഷകൻ 2:2-ൽ നാം കാണുന്നു. "സർപ്പത്തിൽ നിന്നെന്നപോലെ പാപത്തിൽ നിന്ന് ഓടിയകലുക" നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ കാര്യങ്ങൾക്ക് ഒന്നാം സ്ഥാനം കൊടുക്കുകയും പാപത്തിന്റെ വഴി വേണ്ടെന്നുവയ്ക്കുകയും ചെയ്യുന്നതിലാണ് ദൈവത്തിന്റെ ശക്തിയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും ഉണ്ടാകുക.

എന്തുകൊണ്ടാണ് മനുഷ്യൻ പാപത്തിൽ നിപതിക്കുന്നത്. പ്രധാന കാരണം മനുഷ്യന് പാപ സാഹചര്യങ്ങളെ ഒഴിവാക്കാൻ സാധിക്കുന്നില്ല എന്നതുതന്നെയാണ്. 'ഞാൻ അവിടെയാണെങ്കിൽ' അല്ലെങ്കിൽ 'അതു ചെയ്താൽ' പാപത്തിൽ വീഴാൻ ഇടവരും എന്ന് മനസ്സിലായാൽ നാം തീർച്ചയായും ആ സ്ഥലവും പ്രവർത്തിയും ഒഴിവാക്കണം. കാരണം നമുക്ക് പാപം ചെയ്യാൻ താൽപര്യമില്ലെങ്കിലും പലപ്പോഴും സാഹചര്യങ്ങൾ നമ്മെ പാപത്തിലേയ്ക്ക് നയിക്കുക തന്നെ ചെയ്യും. വിശുദ്ധ മരിയ ഗൊരേത്തിയുടെ ജീവിതത്തിൽ നമുക്ക് കാണാം അലക്സാണ്ടറുമായി പാപം ചെയ്യാൻ എല്ലാ സാഹചര്യങ്ങളും ഉണ്ടായിട്ടും അവൾ വഴങ്ങിയില്ല. തന്റെ ഇച്ഛയ്ക്ക് അവൾ വഴങ്ങുകയില്ല എന്ന് മനസ്സിലാക്കിയ അലക്സാണ്ടർ അവളുടെ ശരീരത്തിൽ 18 പ്രാവശ്യം കുത്തിമുറിവേൽപ്പിച്ചു. ആ ബാലിക വിളിച്ചു പറഞ്ഞത് അലക്സാണ്ടറെ പാപത്തെക്കാൾ മരണം എന്നാണ്. കാരണം അവളുടെ അമ്മ ആദ്യകുർബാന സ്വീകരണ സമയത്ത് അവളോട് പറഞ്ഞിരുന്നു. മോളേ നീ പാപം ചെയ്യുന്നതിനേക്കാൾ എനിക്കിഷ്ടം പാപം ചെയ്യാതെ നീ മരിച്ചു എന്നറിയുന്നതാണ്.

ഇന്നത്തെ വചനത്തെ ആസ്പദമാക്കി പാപത്തെ ഉപേക്ഷിക്കാനും നിരന്തരമായ പശ്ചാത്താപത്തിൽ ജീവിക്കുവാനും നമുക്ക് ഓരോരുത്തർക്കും സാധിക്കട്ടെ. മർക്കോസ് 2:17-ൽ പറയുന്നു; "ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം. നീതിമാന്മാരെ വിളിക്കാനല്ല. പാപികളെ വിളിക്കാനാണ് ഞാൻ വന്നിരിക്കുന്നത്." ഈശോയുടെ മനുഷ്യശരീരത്തിന്റെ ഉദ്ദേശം തന്നെ പാപികളെ രക്ഷിക്കാനാണ് എന്നിരിക്കെ പാപത്തെ ഉപേക്ഷിക്കാനും പശ്ചാത്താപത്തിന്റെ ജീവിതം നയിക്കാനും നമുക്ക് ദിനം പ്രതി കഴിയട്ടെ. ജീവിത നവീകരണം ജീവിതാവസാനത്തേയ്ക്ക് നീട്ടിവയ്ക്കാതെ എല്ലാ ദിവസവും നവീകരിക്കപ്പെട്ട വ്യക്തികളായി ജീവിക്കാൻ പരിശ്രമിക്കാം. എന്ന് മരണം വരിച്ചാലും എനിക്ക് നിത്യഭാഗ്യം അനുഭവിക്കാനുള്ള കൃപതരണമേ എന്ന പ്രാർത്ഥനയോടെ നമുക്ക് ജീവിക്കാം. ◆